**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5447** **05-07-2024 - ൽ മറുപടിയ്ക്ക്**

**പഴക്കംചെന്ന ബസ്സുകൾ മറ്റ് ആവശ്യങ്ങൾക്കായി നൽകുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കാലപ്പഴക്കം മൂലം പൊളിച്ച് മാറ്റേണ്ട കെ.എസ്.ആർ.ടി.സി. ബസ്സുകൾ മൊബൈൽ റസ്റ്റോറന്റ് പോലെയുള്ള ആവശ്യങ്ങൾക്കായി നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | കാലപ്പഴക്കം മൂലം പൊളിച്ച് മാറ്റേണ്ട കെ.എസ്.ആർ.ടി.സി. ബസ്സുകൾ മൊബൈൽ റസ്റ്റോറന്റ് പോലെയുള്ള ആവശ്യങ്ങൾക്കായി നൽകുന്ന പദ്ധതി നിലവിലില്ല.<br><br>എന്നാൽ സർവ്വീസ് ഓപ്പറേഷന് യോഗ്യമല്ലാത്ത ബസുകൾ ഷോപ്പ് ഓൺ വീൽസ് പദ്ധതിയിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ പരിസരത്ത് സ്ഥാപിച്ച് കടമുറിയായി പ്രവർത്തിപ്പിക്കുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ സ്വകാര്യ വ്യക്തികളെ ഉൾപ്പെടുത്താറുണ്ടോ; ഉണ്ടെങ്കിൽ അതിനായി അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങൾ അറിയിക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ പരിസരത്ത് ഷോപ്പ് ഓൺ വീൽസ് സ്ഥാപിച്ച് കടമുറിയായി പ്രവർത്തിപ്പിക്കുന്നതിന്, ലേലം / ടെണ്ടർ മുഖേന ടെണ്ടർ വ്യവസ്ഥ, ടെണ്ടർ പരസ്യം എന്നിവയുടെ അടിസ്ഥാനത്തിൽ സ്വകാര്യ വ്യക്തികൾക്ക് ടെണ്ടർ രേഖകൾ സമർപ്പിച്ച് പങ്കെടുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ